(ബി) നബാർഡിന്റെ ധനസഹായത്തോടെ കെട്ടിടം പണിയുന്നതിനുവേണ്ടി നബാർഡിൽ സമർപ്പിക്കപ്പെട്ടിട്ടുള്ള നിർദ്ദേശത്തിൽ ഉൾപ്പെട്ടിട്ടുള്ള കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്ന ലിസ്റ്റിൽ കാണാവുന്നതാണ്.†

ആരോഗ്യ വകുപ്പിലെ ഡോക്ടർമാരുടെ തസ്തികകൾ

156 [1632] ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ആരോഗ്യ വകുപ്പിൽ എത്ര ഡോക്ടർമാരുടെ തസ്തികകൾ അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; ഇതിൽ ഒഴിവുള്ള തസ്തികകൾ എത്ര;

(ബി) ഡി.എം.ഇ.-യുടെ കീഴിൽ മെഡിക്കൽ കോളേജുകളിലായി എത്ര ഡോക്ടർമാരുടെ തസ്തികകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കുമോ; ഇതിൽ ഒഴിവുള്ള തസ്തികകൾ എത്ര എന്ന് വ്യക്തമാക്കുമോ;

(സി) ഡോക്ടർമാരുടെ തസ്തികകൾ അനുവദിക്കാത്തതുമൂലം സംസ്ഥാനത്ത് എത്ര ആശുപത്രികളിലാണ് (പി.എച്ച്.സി.-കൾ) രോഗികളെ കിടത്തി ചികിത്സിക്കാൻ കഴിയാത്തതെന്ന് വ്യക്തമാക്കുമോ;

(ഡി) തൃശ്ശൂർ ജില്ലയിൽ പാറളം, കുർക്കഞ്ചേരി, വല്ലച്ചിറ പി.എച്ച്.സി.-കളിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിനായി ഡോക്ടർമാരുടെ തസ്തികകൾ അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാന ആരോഗ്യ വകുപ്പിൽ ഡോക്ടർമാരുടെ 3500 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. ഇതിൽ 335 തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു.

(ബി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള വിവിധ മെഡിക്കൽ കോളേജുകളിലായി ഡോക്ടർമാരുടെ 1895 തസ്തികകൾ നിലവിലുണ്ട്. ഇതിൽ 441 ഒഴിവുകൾ നിലവിലുണ്ട്.

(സി) രോഗികളെ കിടത്തി ചികിത്സിക്കാൻ ആവശ്യമായി വരുന്ന ഡോക്ടർമാരുടെ അധിക തസ്തികകൾ സൃഷ്ടിക്കാത്തതുമൂലം 151 പി.എച്ച്.സി.-കളിൽ കിടത്തി ചികിത്സ നൽകാൻ കഴിഞ്ഞിട്ടില്ല.

(ഡി) ഈ പി.എച്ച്.സി.-കളിൽ ഓരോന്നിലും ഓരോ ഡോക്ടർമാരുടെ തസ്തികകൾ മാത്രമേ അനുവദിച്ചിട്ടുള്ളു.

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly